പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 96</u> | <u>04.06.2018 ൽ മറുപടിക്ക്</u>

# <u>കണ്ണൂർ വിമാനത്താവള പദ്ധതി പ്രദേശത്തുള്ള മഴവെള്ളം</u>

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ഇ. പി. ജയരാജൻ** | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) കണ്ണൂർ വിമാനത്താവള പദ്ധതി പ്രദേശത്ത് നിന്ന് മഴക്കാലത്ത് വെള്ളം കുത്തിയൊലിച്ച് സമീപപ്രദേശത്തെ ജനവാസ മേഖലകളിലും കൃഷിഭൂമിക്കും നാശനഷ്ടങ്ങളുണ്ടാകുന്നതിന് പരിഹാരമായി കെ. ഐ .എ. എൽ -ഉം ജലസേചനവകുപ്പും ചേർന്നു തയ്യാറാക്കിയ പദ്ധതി പ്രകാരം നടപ്പിലാക്കുന്ന പരിഹാരനടപടികൾ എന്തെല്ലാമാണെന്നും , ആകെ എത്ര തുകയുടെ പദ്ധതിക്കാണ് ഭരണാനുമതി നൽകിയതെന്നും വ്യക്തമാക്കുമോ; | (എ) കണ്ണൂർ വിമാനത്താവള പദ്ധതി പ്രദേശത്ത് നിന്ന് മഴക്കാലത്ത് വെള്ളം കുത്തിയൊലിച്ച് സമീപപ്രദേശത്തെ ജനവാസ മേഖലകളിലും കൃഷിഭൂമിക്കും നാശനഷ്ടങ്ങളുണ്ടാകുന്നതിന് പരിഹാരമായി വിമാനത്താവളത്തിന്റെ അതിർത്തിയിൽ നിലവിലുള്ള 16 ചെറു തോടുകൾ വഴി കാരത്തോട്, കോതേരിത്തോട് എന്നിവയിൽക്കൂടി അഞ്ചരകണ്ടി പുഴയിലേക്ക് മഴവെള്ളം ഒഴുക്കിവിടുന്നതിനാണ് പദ്ധതി തയ്യാറിക്കിയിട്ടുള്ളത്. 16 ചെറു തോടുകളുടെ നിർമ്മാണത്തിനും, 2 തോടുകളുടെ പുനരുദ്ധാരണത്തിനുമായി യഥാക്രമം 18.09 കോടി രൂപ, 31.50 കോടി രൂപ എന്ന കണക്കിൽ ആകെ 49.59 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | (ബി) 16 ചെറുതോടുകളിൽ 12 എണ്ണം പൂർത്തീകരിച്ചു. 3 എണ്ണത്തിന്റെ പ്രവൃത്തി നടന്നുവരുന്നു. ഇതിൽ 1 തോടിന്റെ അധിക ജലം എത്തിച്ചേരുന്നതിനായി പുതുക്കിയ ഡിസൈൻ ആവശ്യമായി വന്നതിനാൽ ആയത് പ്രകാരമുള്ള പുതുക്കിയ സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കാരത്തോട്, കോതേരിത്തോട് എന്നിവയുടെ പാർശ്വഭിത്തി കെട്ടുന്ന പ്രവൃത്തിക്ക് എഗ്രിമെന്റ് വയ്ക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ